**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ പാർട്ട് ടൈം സ്വീപ്പർമാരായി ജോലി ചെയ്തുവരുന്ന ശ്രീ.ഷിബു.എസ്, ശ്രീമതി.എ.ഗീത എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഒ.എ.നം.441/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07/11/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1389/2021/തസ്വഭവ തീയതി, തിരുവനന്തപുരം 26/07/2021

പരാമർശം : 1) 25/11/2005 തീയതിയിലെ സ.ഉ (പി) നം.501/2005/ധന. നമ്പർ ഉത്തരവ്

2) ശ്രീ.ഷിബു.എസ്, ശ്രീമതി.എ.ഗീത എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഒ.എ.നം.441/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07/11/2019 തീയതിയിലെ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 06/02/2021 തീയതിയിലെ ഇ 2/17452/2020 നമ്പർ കത്ത്.

4) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ റിപ്പോർട്ട്.

**ഉത്തരവ്**

കൊല്ലം നഗരസഭയിൽ പാർട്ട് ടൈം സ്വീപ്പർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഷിബു.എസ്, ശ്രീമതി.എ.ഗീത എന്നിവർ തങ്ങളുടെ സേവനം ക്രമവത്ക്കരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ നം.441/2019 -ൻമേൽ ബഹു.ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ 7.11.2019-ലെ വിധിന്യായം പ്രകാരം ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ പരാതിക്കാർ ഒന്നാം എതിർകക്ഷിക്കുമുമ്പാകെ ഉത്തരവിന്റെ പകർപ്പ് സഹിതം നിവേദനം സമർപ്പിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷി ആയതു രണ്ടും മൂന്നും എതിർകക്ഷികളുടെ റിപ്പോർട്ടിന്റെയും 13.6.2016-ലെ കൗൺസിൽ തീരുമാനത്തിന്റെയും 25.11.2005-ലെ സ.ഉ(പി)നം.501/2005/ഫിൻ-ലെ നിബന്ധനകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് പരാതിക്കാരെ കേട്ടതിനുശേഷം മൂന്നുമാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും ഉത്തരവായിരുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, കൊല്ലം കോർപ്പറേഷൻ, കൊല്ലം കോർപ്പറേഷൻ സെക്രട്ടറി എന്നിവരാണ് ടി കേസിൽ യഥാക്രമം 1,2,3,4 എതിർകക്ഷികളായിട്ടുള്ളത്.

2) ബഹു.ട്രൈബ്യൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം ശ്രീ.ഷിബു എസ്, ശ്രീമതി.എ.ഗീത എന്നിവർ സർക്കാർ മുമ്പാകെ 25.11.2019 തീയതിയായ നിവേദനം സമർപ്പിച്ചു. പരാതിക്കാർ ഭർത്താവും ഭാര്യയുമാണെന്നും

ശ്രീ.ഷിബു.എസ് 2005 മുതലും ശ്രീമതി.എ.ഗീത 2008 മുതലും തൃക്കടവൂർ ഗ്രാമ പഞ്ചായത്തിൽ അഞ്ചാലുംമൂട് പബ്ലിക്ക് മാർക്കറ്റിലെ ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് പരിപാലനത്തിന് വേണ്ടി കാഷ്വൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുകയാണെന്നും തൃക്കടവൂർ ഗ്രാമപഞ്ചായത്ത് കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ ലയിപ്പിച്ചതിനുശേഷവും പ്രസ്തുത തസ്തികകളിൽ തുടരുകയാണെന്നും ലയനത്തിന് മുമ്പ് തൃക്കടവൂർ ഗ്രാമ പഞ്ചായത്ത് കമ്മറ്റി 28.9.2015-ലെ തീരുമാനം പ്രകാരം പരാതിക്കാരുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് 12.10.2015-ൽ അപേക്ഷ നൽകിയിരുന്നു എന്നും മറുപടി ലഭിക്കാത്തതിനാൽ തങ്ങളുടെ സേവനം റഗുലറൈസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാളുകൾ 22.02.2019-ൽ കൊല്ലം നഗരസഭ സെക്രട്ടറിക്കും അപേക്ഷ നൽകിയിരുന്നു എന്നും എന്നാൽ ആയതിന്മേലും നടപടി സ്വീകരിക്കാത്ത സാഹചര്യത്തിലാണ് ബഹു. ട്രൈബ്യൂണൽ മുമ്പാകെ ഒ.എ നം.441/2019 ഫയൽ ചെയ്തത് എന്നും 25.11.2005-ലെ സ.ഉ(പി)നം.501/2005/ഫിൻ- തങ്ങൾക്ക് ബാധകമാണെന്നും ആയതിനാൽ ഈ വിഷയത്തിൽ കൊല്ലം നഗരസഭ കൗൺസിലിന്റെ 13.6.2016-ലെ തീരുമാനം പരിഗണിച്ചും 25.11.2005-ലെ സ.ഉ(പി)നം.501/2005/ധന- ഉത്തരവിലെ നിർദ്ദേശപ്രകാരവും ടിയാളുകളുടെ സേവനം ക്രമവത്ക്കരിക്കണമെന്നുമാണ് അപേക്ഷിച്ചിരുന്നത്.

3) കോവിഡ് വ്യാപനപശ്ചാത്തലത്തിൽ പരാതിക്കാരെയും പരാതിക്കാർക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് കെ.ജി.റീറ്റ, നഗരകാര്യഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അജിത്കുമാർ എം എന്നിവരെ 16.11.2020-ൽ രാവിലെ 11.30-ന് തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ് അണ്ടർ സെക്രട്ടറി ഓൺലൈൻ പ്ലാറ്റ് ഫോം (Google Meet) മുഖാന്തരം, കേൾക്കുകയുണ്ടായി. ഹിയറിംഗ് സമയത്ത് പരാതിക്കാർക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് പരാതിക്കാരുടെ 25.11.2019 തീയതിയായ നിവേദനത്തിലെ ആവശ്യം വിശദീകരിച്ചു.

4) ഈ വിഷയത്തിൽ നഗരകാര്യവകുപ്പ് ഡയറക്ടർ /കൊല്ലം നഗരസഭ സെക്രട്ടറി പരാമർശം(4) പ്രകാരം ചുവടെ ചേർക്കും വിധമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

a) തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ 2005 കാലയളവിൽ ഒന്നാം ഹർജ്ജിക്കാരൻ ആയ ശ്രീ.ഷിബു എസ്, തടവിള, മുരുന്തൽ, 04/02/2005 ലെ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1 (1) -ാം നമ്പർ തീരുമാനപ്രകാരം ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റിലെ പരിപാലനത്തിന് പാർട്ട്ടൈം ജീവനക്കാരനായി ദിവസവേതന അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അല്ലാതെ നിയമനം നേടിയിട്ടുള്ള വ്യക്തി ആണ്.

b) തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ 2008 കാലയളവിൽ രണ്ടാം ഹർജ്ജി കക്ഷിയായ ശ്രീമതി.എ.ഗീത W/o ഷിബു.എസ്, തടവിള, മുരുന്തൽ, 24/11/2008- ലെ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 5(23) -ാം നമ്പർ തീരുമാന പ്രകാരം അഞ്ചാലുംമൂട് പബ്ലിക് മാർക്കറ്റ് വൃത്തിയാക്കുന്നതിന് പാർട്ട്ടൈം ആയി ദിവസവേതന അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നിയമനം നേടിയിട്ടുള്ള വ്യക്തി ആണ്.

c) തൃക്കടവൂർ ഗ്രാമപഞ്ചായത്ത് 2015-ൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ ലയിപ്പിച്ചിട്ടുള്ളതാണ്. 05/12/2015-ലെ സ.ഉ. (സാധാ) നം.3655/2015/തസ്വഭവ നമ്പർ ഉത്തരവിലെ 4-ാംഖണ്ഡിക പ്രകാരം ടിയാളുകളെ കൊല്ലം നഗരസഭയിൽ

സേവനത്തിൽ തുടരുന്നതിന് 13/06/2016-ലെ നഗരസഭ കൗൺസിലിന്റെ 32-ാം നമ്പറായി തീരുമാനമെടുത്തിട്ടുള്ളതാണ്. പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള പൊതുവായ നടപടികൾ സംബന്ധിച്ച മേല്പറഞ്ഞ സർക്കാർ ഉത്തരവിന്റെ 4-ാം ഖണ്ഡിക പ്രകാരം പഞ്ചായത്തുകളിൽ ജോലി ചെയ്തിരുന്ന ദിവസവേതനക്കാർ മുനിസിപ്പാലിറ്റികളിൽ പകരം സംവിധാനം സർക്കാർ തലത്തിൽ തീരുമാനിക്കുന്നതുവരെ തുടരാവുന്നതാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

d) കൊല്ലം നഗരസഭയുടെ ദൈനംദിന ശുചീകരണ പ്രവൃത്തികൾക്കായി സർക്കാർ നിർദ്ദേശ പ്രകാരം നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 85 പേരെ കൗൺസിൽ തീരുമാന പ്രകാരം നിയമനം നടത്തിയപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അല്ലാതെയും നഗരസഭയ്ക്ക് അനുവദിച്ചിട്ടില്ലാത്തതുമായ പാർട്ട്ടൈം സ്വീപ്പർ എന്ന തസ്തികയിൽ താത്ക്കാലിക ജീവനക്കാരായി സേവനം അനുഷ്ഠിക്കുന്ന ശ്രീ.ഷിബു എസ്-ന്റെയും ശ്രീമതി.എ.ഗീതയുടെയും നിയമനത്തിന് നാളിതുവരെ സർക്കാർ അനുമതി ലഭിക്കാത്തതിനാൽ ടിയാളുകളുടെ സേവനം തുടർന്നും ആവശ്യമില്ല എന്ന് സൂചിപ്പിച്ച് 07/11/2019-ലെ 11-ാം നമ്പർ ആയിട്ട് നഗരസഭ കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതാണ്.

e) പരാമർശം (1) ഉത്തരവ് പ്രകാരം, ആഫീസും പരിസരവും വൃത്തിയാക്കുന്ന ജീവനക്കാർക്ക് നൽകുന്ന പരിരക്ഷ സംബന്ധിച്ചാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ഒന്നാം ഹർജി കക്ഷിയെയും രണ്ടാം ഹർജി കക്ഷിയെയും ആഫീസ് വൃത്തിയാക്കുന്ന ജോലി ചെയ്യുന്നതിനല്ല ഗ്രാമ പഞ്ചായത്ത് കമ്മിറ്റി നിയമിച്ചിട്ടുള്ളത്. ഒന്നാംകക്ഷിയായ ശ്രീ.ഷിബു എസ്-നെ ഖരമാലിന്യ പ്ലാന്റിലെ പ്രവർത്തനത്തിനും രണ്ടാംകക്ഷിയായ ശ്രീമതി.എ.ഗീതയെ അഞ്ചാലുംമൂട് പബ്ലിക് മാർക്കറ്റ് വൃത്തിയാക്കുന്നതിനുമാണ് നിയമിച്ചിട്ടുള്ളത്. ആയതിനാൽ ടി ഉത്തരവിന്റെ പരിരക്ഷ ടി ജീവനക്കാർക്ക് ലഭിക്കുന്നതല്ല. കൂടാതെ കൊല്ലം നഗരസഭയിൽ പാർട്ട്ടൈം സ്വീപ്പർ എന്ന തസ്തിക അനുവദിച്ച് നൽകിയിട്ടില്ലാത്തതാണ്. ഇല്ലാത്ത തസ്തികയിൽ ടി ജീവനക്കാർക്ക് തുടർന്ന് നിയമനം നടത്താനാകില്ല.

f) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 26/11/2019 ലെ OA 2372/19 നമ്പർ സ്റ്റേയുടെ അടിസ്ഥാനത്തിൽ ശ്രീ.ഷിബു.എസ്-ഉം ശ്രീമതി.എ.ഗീതയും നിലവിൽ നഗരസഭയിൽ സേവനത്തിൽ തുടർന്നുവരികയാണ്.

g) 18/03/2020-ലെ ബഹു.കൗൺസിലിന്റെ 51-ാം നമ്പർ തീരുമാനപ്രകാരവും 03/11/2020-ലെ ബഹു.കൗൺസിലിന്റെ 15-ാം നമ്പർ തീരുമാനപ്രകാരവും ശ്രീ.ഷിബു.എസ്, ശ്രീമതി.എ.ഗീത എന്നിവരെ മാനുഷിക പരിഗണന നൽകി 179 ദിവസത്തേക്ക് കൊല്ലം നഗരസഭയിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുള്ളതും നിലവിൽ ജോലിയിൽ താത്ക്കാലികമായി തുടർന്നു വരുന്നതുമാണ്.

5) മേല്പറഞ്ഞ സാഹചര്യത്തിൽ നഗരകാര്യ ഡയറക്ടറും കൊല്ലം നഗരസഭ സെക്രട്ടറിയും സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒ.എ 441/2019-നുമേൽ 07/11/2019 തീയതിയിലെ പരാമർശം (2) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ശ്രീ.ഷിബു.എസ്, ശ്രീമതി.എ.ഗീത എന്നിവർ സർക്കാരിൽ സമർപ്പിച്ച 25.11.2019-ലെ നിവേദനം സർക്കാർ വിശദമായി പരിശോധിച്ചു. ഒന്നാം ഹർജിക്കാരൻ ശ്രീ ഷിബു എസ്, 04.02.2005 ലെ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റിലെ പരിപാലനത്തിന് പാർട്ട്ടൈം ജീവനക്കാരനായി ദിവസവേതന അടിസ്ഥാനത്തിൽ

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അല്ലാതെ നിയമനം നേടിയിട്ടുള്ള വ്യക്തി ആണ്. രണ്ടാം ഹർജ്ജി കക്ഷിയായ ശ്രീമതി.എ.ഗീത 24/11/2008- ലെ തൃക്കടവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 5(23) -ാം നമ്പർ തീരുമാന പ്രകാരം അഞ്ചാലുംമൂട് പബ്ലിക് മാർക്കറ്റ് വൃത്തിയാക്കുന്നതിന് പാർട്ട്ടൈം ആയിട്ട് ദിവസവേതന അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അല്ലാതെ നിയമനം നേടിയിട്ടുള്ള വ്യക്തി ആണ്. പരാമർശം (1) ഉത്തരവ് പ്രകാരം ആഫീസും പരിസരവും വൃത്തിയാക്കുന്ന ജീവനക്കാർക്ക് നൽകുന്ന പരിരക്ഷ പരാതിക്കാർക്ക് ബാധകമല്ല. ആയതിനാൽ പരാതിക്കാരുടെ 25.11.2019 ലെ നിവേദനത്തിലെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ചുകൊണ്ട് അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07.11.2019 ലെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ

ശ്രീ.ഷിബു.എസ് (പാർട്ട് ടൈം സ്വീപ്പർ, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ)

S/o സുധീരൻ, തട്ടവിള കിഴക്കതിൽ, കുപ്പന, മരുന്തൽ, പെരിനാട്.പി.ഒ, കൊല്ലം - 691601

ശ്രീമതി.എ.ഗീത (പാർട്ട് ടൈം സ്വീപ്പർ, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ)

W/o ഷിബു.എസ്, തട്ടവിള കിഴക്കതിൽ, കുപ്പന, മരുന്തൽ, പെരിനാട്.പി.ഒ, കൊല്ലം - 691601

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ